പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7806 15.07.2014-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സിക്ക് പുതിയ ബസ്സും, സാമ്പത്തിക സഹായവും

ചോദ്യം

ശ്രീ. എ. കെ. ബാലൻ :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി എത്ര ബസ്സുകൾ പുതുതായി നിരത്തിലിറക്കിയിട്ടുണ്ടെന്നതിന്റെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 108 JnNURM ബസുകൾ ഉൾപ്പടെ 1148 ബസുകൾ നിരത്തിലിറക്കിയിട്ടുണ്ട്.<br>2011 (JnNURM - 71 ഉൾപ്പടെ) - 186<br>2012 (JnNURM - 29 ഉൾപ്പടെ) - 570<br>2013 (JnNURM - 8 ഉൾപ്പടെ) - 364<br>2014-ൽ - 28<br>ആകെ - 1148 |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി. എത്ര പുതിയ ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്; ഓരോവർഷത്തേയും കണക്ക് ലഭ്യമാക്കുമോ; | (ബി) | കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 212 JnNURM ബസുകൾ ഉൾപ്പടെ 2937 ബസുകൾ നിരത്തിലിറക്കിയിട്ടുണ്ട്.<br>2006-ൽ - 29<br>2007-ൽ - 257<br>2008-ൽ - 832<br>2009 (JnNURM - 15 ഉൾപ്പടെ) - 827<br>2010 (JnNURM - 100 ഉൾപ്പടെ) - 798<br>2011 (JnNURM - 97 ഉൾപ്പടെ) - 194<br>ആകെ - 2937 |
| (സി) | ഈ സർക്കാരിന്റെ കഴിഞ്ഞ മൂന്നു വർഷങ്ങളിൽ കെ.എസ്.ആർ.ടി.സിക്ക് സാമ്പത്തിക സഹായത്തിനായി ഓരോ വർഷവും ബജറ്റിൽ | (സി) | 2011-12, 12-13 വർഷങ്ങളിലെ ബജറ്റ് പ്രസംഗങ്ങളിൽ യഥാക്രമം 100 കോടി രൂപയും 125 കോടി രൂപയും വകയിരുത്തിയതായി പ്രഖ്യാപിച്ചിട്ടുണ്ട്. 2013-14 വർഷത്തെ |

എത്ര തുകയാണ് പ്രഖ്യാപിച്ചത്; ഇതിൽ ഓരോ വർഷവും എത്ര തുക ലഭിച്ചുവെന്ന് അറിയിക്കുമോ;

ബജറ്റ് പ്രസംഗത്തിൽ 186 കോടി രൂപയും കോർപ്പറേഷൻ നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ 100 കോടി രൂപയുടെ പ്രത്യേക സഹായവും പ്രഖ്യാപിച്ചിട്ടുണ്ട്. ഓരോ വർഷവും കോർപ്പറേഷന് ലഭിച്ച തുകയെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

(തുക കോടി രൂപയിൽ)

| വർഷം | വായ്പ | പദ്ധതി വിഹിതം | ഗ്രാന്റ് | ആകെ |
|---|---|---|---|---|
| 2011-12 | 140 | 42 | 32 | 214 |
| 2012-13 | 175 | 57.07 | 28 (ഡീസൽ സബ്സിഡി) | 260.07 |
| 2013-14 | 425 | 59 | - | 484 |

(ഡി) ബജറ്റ് പ്രഖ്യാപനത്തിന് പുറമെ സർക്കാർ എത്ര രൂപയുടെ സാമ്പത്തിക സഹായം കെ.എസ്.ആർ.ടി.സി.ക്ക് ഇതിനകം നൽകിയിട്ടുണ്ട്;

(ഡി) ബജറ്റ് പ്രഖ്യാപനത്തിന് പുറമെ സർക്കാർ നൽകിയ സാമ്പത്തിക സഹായത്തെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| വർഷം | തുക |
|---|---|
| 2011-12 | 114 കോടി രൂപ |
| 2012-13 | 135.07 " |
| 2013-14 | 198 " |

(ഇ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര രൂപയുടെ സാമ്പത്തികസഹായമാണ് കെ.എസ്.ആർ.ടി.സി.ക്ക് ലഭിച്ചത്; ഓരോ വർഷവും ലഭിച്ച തുക വിശദമാക്കുമോ;

(ഇ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി.ക്ക് ലഭിച്ച സാമ്പത്തിക സഹായത്തെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| വർഷം | തുക |
|---|---|
| 2006-07 | 72 കോടി രൂപ |
| 2007-08 | 96.33 " |
| 2008-09 | 110.50 " |
| 2009-10 | 120 " |
| 2010-11 | 202 " |

| | | | |
|---|---|---|---|
| (എഫ്) | കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ ശരാശരി പ്രതിദിന വരുമാനം എത്ര രൂപയാണ്; 2011 ഏപ്രിൽ മാസത്തിലെ ശരാശരി പ്രതിദിന വരുമാനം എത്രരൂപയായിരുന്നു; | (എഫ്) | ജൂണിലെ കണക്കനുസരിച്ച് പ്രതിദിന ടിക്കറ്റ് വരുമാനം 5,14,23,851/- രൂപയാണ്. 2011 ഏപ്രിൽ മാസത്തിലെ ശരാശരി പ്രതിദിന വരുമാനം 3,53,94,584/- രൂപയാണ്. |
| (ജി) | പെൻഷൻ ഉൾപ്പടെ കെ.എസ്.ആർ. ടി.സി.യുടെ നിലവിലെ ഒരു മാസത്തെ ശരാശരി ചെലവ് എത്ര രൂപയാണ്; 2009,2010, വർഷങ്ങളിലെ ഒരു മാസത്തെ ശരാശരി ചെലവ് എത്ര രൂപയായിരുന്നു? | (ജി) | നിലവിൽ കോർപ്പറേഷന്റെ ഒരു മാസത്തെ ചെലവ് 228 കോടി രൂപയാണ്.<br>2009-10-ലെ വാർഷിക കണക്കനുസരിച്ച് ഒരു മാസത്തെ ശരാശരി ചെലവ് 116.43 കോടി രൂപയാണ്.<br>2010-11-ലെ വാർഷിക കണക്കനുസരിച്ച് ഒരു മാസത്തെ ശരാശരി ചെലവ് 139.45 കോടി രൂപയാണ്. |

സെക്ഷൻ ഓഫീസർ